# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3071 — 15.12.15 ൽ - മറുപടിക്ക്

## പുതിയ റേഷൻ കടകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>,, ജോസഫ് വാഴയ്ക്കൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, വി.റ്റി. ബൽറാം : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) പുതിയ റേഷൻ കടകൾ തുടങ്ങുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; | (എ) നിലവിൽ പുതിയ റേഷൻ കടകൾ തുടങ്ങുന്നതിനായി സമീപസ്ഥമായ കടകളിലെ കാർഡുകളുടെ എണ്ണം 400-ൽ കുറയാതെ പുതിയതായി തുടങ്ങുന്ന കടക്ക് കുറഞ്ഞത് 400 കാർഡ് ലഭിക്കേണ്ടതാണ്. എന്നാൽ തീരെ ഗതാഗത സൗകര്യമില്ലാത്തിടത്തും, പട്ടികവർഗ്ഗ മേഖലകളിലും ആവശ്യമായ ഇളവുകൾ നൽകി പുതിയ കടകൾ അനുവദിയ്ക്കുന്നുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) പൊതുവിതരണ ശൃംഖല എല്ലാ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയും എല്ലാ വിഭാഗം ജനങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കി വിലക്കയറ്റം നിയന്ത്രിക്കുകയും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയും ചെയ്യുക. |
| (സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) പുതിയ റേഷൻ കട അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെയും സിവിൽ സപ്ലൈസ് ഡയറക്ടറുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ കേരള റേഷനിംഗ് ഓർഡറിലെ വ്യവസ്ഥകൾക്ക് അനുസൃതമായി പുതിയ റേഷൻ കടകൾ അനുവദിച്ച് നൽകുന്നു. |

Thulasi

*സെക്ഷൻ ഓഫീസർ*